ഇലക്ട്രിസിറ്റി ബോർഡിലെ ഒഴിവുകൾ

* 264 [321] ശ്രീ. ടി. കെ. അറുമുഖൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, സി. പി. മൂസ്സാൻകുട്ടി :
,, ടി. കെ. അബ്ദു :
,, സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡിൽ വിവിധ കാറ്റഗറികളിലായി എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് ;

(ബി) കാറ്റഗറികൾ തിരിച്ചുള്ള വിശദമായ ലിസ്റ്റ് നൽകുമോ :

(സി) പി. എസ്. സി. യിൽ നിന്നും ഇതിൽ ഏതെല്ലാം തസ്തികകൾക്ക് അപേക്ഷ ക്ഷണിച്ച് ടെസ്റ്റ് നടത്തിയിട്ടുണ്ട് ;

(ഡി) ഈ തസ്തികകളിലേക്ക് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി)

(എ) 106

(ബി) സൂപ്രണ്ടിംഗ് എൻജിനീയർ, ഇലക്ട്രിക്കൽ—1
അക്കൗണ്ട്സ് ആഫീസർ—38
സീനിയർ സൂപ്രണ്ട്—22
അസിസ്റ്റന്റ് എഞ്ചിനീയർ—45

(സി) അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് പി. എസ്. സി. യിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. സൂപ്രണ്ടിംഗ് എൻജിനീയർ, അക്കൗണ്ട്സ് ആഫീസർ, സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലേക്ക് പ്രൊമോഷൻ വഴിയാണ് നിയമനം നടത്തുന്നത്.

(ഡി) ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തുന്നതിനെ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. 80 പേരെ നിയമിക്കുന്നതിനുള്ള പി. എസ്. സി. യുടെ അഡ്വൈസ് ലഭിച്ചിട്ടുണ്ട്. സ്റ്റേ പിൻവലിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

ശ്രീ. ടി. കെ. അറുമുഖൻ : ഇലക്ട്രിസിറ്റി ബോർഡിൽ ഒഴിവുകൾ നിശ്ചയിക്കുന്നത് എന്ത് മാനദണ്ഡം വച്ചാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : ഒഴിവുകൾ നിശ്ചയിക്കുന്നത്, തസ്തിക ഒഴിവായികിടക്കുന്നു എന്നുള്ളതല്ലാതെ മറ്റ് മാനദണ്ഡമൊന്നുമില്ല.

ശ്രീ. ടി. കെ. അറുമുഖൻ : എത്ര വർഷമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകളാണ് ഈ കാറ്റഗറിയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : പല വർഷങ്ങളായി ഉണ്ട്, കൃത്യമായി പറയാൻ നിർവ്വാഹമില്ല. ഇത്രയും തസ്തികകളും ഒഴിഞ്ഞുകിടപ്പുണ്ട്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് ആളുകളെ ആവശ്യമുണ്ടെന്ന് പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ഷൻ നടത്തുകയും ചെയ്തതിനുശേഷം ആ തസ്തികകളിൽ ആളുകളെ നിശ്ചയിക്കാതിരുന്നതിന്റെ കാരണമെന്താണ് ?

ശ്രീ. കെ. എം. മാണി : അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളെ സംബന്ധിച്ചിടത്തോളം 80 വേക്കൻസി ഉണ്ടാകുമെന്ന് കണക്കാക്കി പി. എസ്. സി. യോട് ലിസ്റ്റ് തരാൻ പറഞ്ഞു. പി. എസ്. സി. 80 പേരുടെ ലിസ്റ്റ് തന്നിട്ടുണ്ട്. പക്ഷേ വേക്കൻസി നാൽപ്പത്തഞ്ചേ ഉള്ളൂ. അവരെ ഇപ്പോഴ് നിയമിക്കാൻ കഴിയുകയില്ല. ഒരു വിഭാഗം ജീവനക്കാർ. ഹൈക്കോടതിയിൽ കേസ് കൊടുത്തതുകൊണ്ട്, നിയമനത്തെ സംബന്ധിച്ചിടത്തോളം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതുകൊണ്ട് ആ വേക്കൻസിയിലേക്ക് ഇപ്പോഴ് നിയമിക്കാൻ കഴിയുകയില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമേ ഉള്ളൂ എന്നു പറയുന്നത് ശരിയാണോ ? ആയിരക്കണക്കിന് ലൈൻമാൻമാരെയും പി. എസ്. സി. സെലക്ഷൻ നടത്തി. പി. എസ്. സി. യുടെ പ്രവർത്തനത്തെക്കുറിച്ച് പറയുകയാണെങ്കിൽ ആവശ്യമുള്ള ആളുകളെ ഡിപ്പാർട്ടുമെൻറിലേക്ക് പി. എസ്. സി. സെലക്റ്റ് ചെയ്ത് കൊടുക്കുകയില്ല, ആവശ്യമില്ലാത്ത ഡിപ്പാർട്ടുമെൻറുകളിയേക്ക് ആളുകളെ സെലക്ട് ചെയ്തുകൊടുക്കുന്നു. ആയിരക്കണക്കിന് ജോലിയ്ക്കുവേണ്ടി കാത്തിരിക്കുന്ന, ആഗ്രഹിക്കുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരെ സെലക്ട് ചെയ്തതിനുശേഷം രൊളെപ്പോലും നിയമിക്കാതിരിക്കുന്ന ഈ നടപടി അവസാനിപ്പിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇത് രണ്ട് രീതിയിലുണ്ട്. വേക്കൻസി റിപ്പോർട്ട് ചെയ്തിട്ട് പറയും. അതല്ലാതെ വേക്കൻസി പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ട് പറയാതെ പി. എസ്. സി. തയ്യാറാക്കിയ ഒരു ലിസ്റ്റ് ഉണ്ട്, അങ്ങനെ പി. എസ് സി. തയ്യാറാക്കിയ ലിസ്റ്റിൽ ആയിരക്കണക്കിന് പേരോടുകൂടിയ ലൈൻമാരുടെ റാങ്ക് ലിസ്റ്റ് ഉണ്ട്. പക്ഷേ ഇത്ര വേക്കൻസി ഉണ്ട്, അതിനെ ആളുകളെ അയച്ചുതരണമെന്നു പറഞ്ഞ് ഇലക്ട്രിസിറ്റി ബോഡിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല.

ശ്രീ. സി. പി. മുസ്സാൻകുട്ടി : ഇവിടെ ലൈൻമാൻമാരും എഞ്ചിനീയർമാരും ആവശ്യമായത്രയും ഇല്ലായെന്നാണ് പറയുന്നത്. ഇലക്ട്രിസിറ്റിയുടെ വിവിധ രൂപത്തിലുള്ള വർക്കുകൾ ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ലൈൻമാൻമാർ ഇല്ല ; അതുകൊണ്ട്, അവരെ നിശ്ചയിക്കണമെന്നു പറഞ്ഞ് സെലക്ഷൻ കിട്ടിയ ലൈൻമാൻമാർ തന്നെ പരാതിപ്പെട്ടിട്ടുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരെ നിശ്ചയിച്ച് ഇത്, പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : വേക്കൻസി അനുസരിച്ചാണ് നിയമിക്കുന്നത്. വേക്കൻസി ഉള്ളപ്പോഴ് പി. എസ്. സി. യോട് ഇത്രപേരെ അയച്ചുതരണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയും. ഇപ്പോൾ വേക്കൻസി ഇല്ലാത്തതുകൊണ്ടാണ് ബുദ്ധിമുട്ട് വന്നിരിക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡിൽ പല കാറ്റഗറികളെ സംബന്ധിച്ചിടത്തോളവും ഓവർസ്റ്റാഫാണ്.

ശ്രീ. സി. പി. മൂസ്സാൻകുട്ടി : എഞ്ചിനീയർമാരെ നിശ്ചയിക്കാത്തതിന് കാരണം കോടതി സ്റ്റേ ആണെന്നു പറഞ്ഞു. എന്നാൽ ഇവിടെയുള്ള എഞ്ചിനീയർമാർ പലരും പത്തും അഞ്ചും വർഷം ലീവെടുത്ത് ഗൾഫ് രാജ്യങ്ങളിലേക്ക് പോവുകയും അവിടെ ജോലി നഷ്ടപ്പെട്ട് അവർ തിരിച്ചു വരുകയും ചെയ്തു. അവർക്ക് ഒരുകൊല്ലം ഇനിയും ചിലപ്പോൾ ബാക്കി ഉണ്ടാകും. അവർ അവരെ തിരികെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ട്, കോടതി "സ്റ്റേ" ഉണ്ടായിട്ടുകൂടി, അവരെ നിയമിക്കുന്നതിനോ ജോലി ചെയ്യിക്കുന്നതിനോ തയ്യാറായിട്ടില്ല. അടിയന്തിരമായും അങ്ങനെയുള്ളവരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ജനറലായിട്ട് പറയുമ്പോൾ ഇതൊരു പോളിസി കാസ്റ്റ്യനാണ്. ഇത്ര വർഷത്തേക്ക് ലീവെടുത്തുപോയാൽ ആ വർഷം പൂർത്തിയാക്കുന്നതിനുമുമ്പ് തിരിച്ചുവന്നാൽ അത് ശരിയല്ല ; പൂർത്തിയായിട്ടേ തിരിച്ചുവരാവൂ. അതുപോലെതന്നെ ലീവ് എക്സ്റ്റൻഷൻ വേണമെങ്കിൽ എക്സ്റ്റൻഷൻ ഉത്തരവ് വാങ്ങിയതിനുശേഷമേ അവിടെ തുടർന്നു നിൽക്കാവൂ. അതിന് വിരുദ്ധമായി വരുന്നത് അൺഅതറൈസ്ഡ് ലീവായി പരിഗണിക്കും. ഇങ്ങനെയൊരു പോളിസിയാണ് ബോർഡിലുള്ളത്, ഈ പോളിസിയുടെ ഫലമായി ചില ആളുകൾക്ക് ബുദ്ധിമുട്ട് വരുന്നെങ്കിൽ അത് ഇൻഡിവിഡുവൽ കേസാണ്, അത് പരിശോധിക്കാം.

ശ്രീ. ടി. കെ. അബ്ദു : ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ, പല ഡിവിഷനുകളിലും ലൈൻമാൻമാർ ഇല്ലാത്തതിന്റെ ഫലമായി ലൈൻ കേടു വന്നുപോയാൽ ചില പ്രദേശങ്ങളിൽ വീടുകളിൽ മൂന്നും നാലും ദിവസം ലൈറ്റില്ലാതെ കഷ്ടപ്പെടുന്നുണ്ട്. അത്തരത്തിലുള്ള കഷ്ടപ്പാട് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ലൈൻമാൻമാർ ഇല്ലാത്തതുകൊണ്ട് അങ്ങനെ ജോലിക്ക് ഒരു തടസ്സവും വന്നിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല.

ശ്രീ. ടി. കെ. അബ്ദു : ഹൈക്കോടതി 'സ്റ്റേ' മൂലം എത്ര നിയമനങ്ങളാണ് തടസ്സപ്പെട്ടിരിക്കുന്നത്; അത് ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : ഇലക്ട്രിക്കൽ സെക്കൻഡ്ഗ്രേഡ് ലൈൻമാൻ, ഓവർസീയർ 262 പോസ്റ്റ് സർപ്ലസ് ആണ്. 262 പോസ്റ്റ് സർപ്ലസ് ആയിരിക്കേ ലൈൻമാൻമാരുടെ അഭാവംകൊണ്ട് ജോലി നടക്കുന്നില്ല എന്നുള്ള സൂചന ശരിയല്ല ; അതു അടിസ്ഥാനരഹിതമാണ്. കോടതി സ്റ്റേയെ സംബന്ധിച്ചിടത്തോളം ആഫീസ് അറൻറർ,പ്യൂൺ 133 പോസ്റ്റിലേക്കുള്ള നിയമനവും ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ അസിസ്റ്റൻറ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 80 പോസ്റ്റിലേക്കുള്ള നിയമനത്തെ സംബന്ധിച്ചിടത്തോളം—അതിൽ 45 ആണ് വേക്കൻസി ഉള്ളത്—അതും ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കയാണ്. ഇലക്ട്രിസിറ്റി ബോർഡിൽ നിയമിക്കാൻ മെച്ചപ്പെടുത്തിയിട്ടുള്ള കേസുകളിൽ മെജോറിറ്റിയും ഹൈക്കോടതി സ്റ്റേചെയ്തു കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ചക്രപാണി : ഇലക്ട്രിസിറ്റി ബോർഡിന്റെ പോളിസിയെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഒരു പോളിസിയും ഒരു വ്യവസ്ഥയും അതിനില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഹരിജനവർഷത്തിൽ താൽക്കാലിക ജീവനക്കാരായിട്ടുള്ള ഹരിജനങ്ങളെ പിരിച്ചുവിടരുതെന്ന് ഗവൺമെന്റ് ഇലക്ട്രിസിറ്റി ബോർഡിനു നിർദ്ദേശം കൊടുത്തു. താൽക്കാലികമായി നിയമിച്ച ഹരിജനങ്ങളെമാത്രം പിരിച്ചുവിട്ട് ഗവൺമെന്റിന്റെ നിർദ്ദേശത്തെ നിരാകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : ഇത് ഡിഫറന്റായിട്ടുള്ള ചോദ്യമാണ്. പ്രത്യേകം നോട്ടീസ് തന്നാൽ വിവരം പറയാം. ഞാൻ അത് ഇപ്പോൾ പരിശോധിച്ചിട്ടില്ല.

ശ്രീ. സി. കെ. ചക്രപാണി : പ്രത്യേകം നോട്ടീസ് തരാം. പക്ഷേ ഇതിനെതിരായി ഹരിജനങ്ങൾ ഹൈക്കോടതിയിൽ പോയിട്ടുണ്ട്. വടക്കേൽ കമ്മീഷൻ റിപ്പോർട്ട് പ്രകാരം എത്ര ഒഴിവുകളാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. കെ. എം. മാണി : വടക്കേൽ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള തസ്തികകളെ സംബന്ധിച്ചിടത്തോളം റിപ്പോർട്ട് നോക്കാതെ പറയാൻ കഴിയുകയില്ല. ആകെയുള്ള ഒഴിവുകൾ എത്ര എന്നുള്ളതിനെസംബന്ധിച്ച് ഞാൻ വളരെ വ്യക്തമായി ഉത്തരം പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മന്ത്രി പരസ്പര വിരുദ്ധമായ മറുപടിയാണ് നൽകിയത്. ആദ്യം പറഞ്ഞു 45 ഒഴിവുകളിൽ, 80 പേരെ പി. എസ്. സി. യിൽ നിന്ന് അലോട്ട് ചെയ്തിട്ടുണ്ടെന്ന്. പിന്നെ പറഞ്ഞു, 'എല്ലാം സർപ്ലസ് ആണെന്ന്. എത്ര ഒഴിവുകളുണ്ട്, എത്ര നികത്തിയിട്ടുണ്ട്, പി. എസ്. സി. തന്നതിൽ നിന്ന് എത്ര എടുത്തിട്ടുണ്ട് എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ കണക്ക് തരാമോ ?

ശ്രീ. കെ. എം. മാണി : ഞാൻ പറയുന്നതെല്ലാം വ്യക്തമായ കണക്കുകളാണ്. ബഹുമാനപ്പെട്ട ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരുന്നല്ലോ. അങ്ങേയ്ക്കും അറിയാമല്ലോ. എപ്പോഴും നമ്മൾ പി. എസ്. സി. യോട് പ്രോബബിൾ വേക്കൻസി അനുസരിച്ച് ലിസ്റ്റ് തയ്യാറാക്കാൻ പറയും. 80 പ്രോബബിൾ വേക്കൻസി ഉണ്ടാകുമെന്നുകണ്ട്, അസിസ്റ്റന്റ് എഞ്ചിനീയർമാരെ സംബന്ധിച്ചിടത്തോളം 80 പേരുടെ ലിസ്റ്റ് ചോദിച്ചു. പക്ഷേ റീ-ഓർഗനൈസേഷന്റെ ഫലമായി 80 പോസ്റ്റ് ആവശ്യമില്ല, 45 പോസ്റ്റേ ആവശ്യമായി വന്നിട്ടുള്ളൂ. ആ 45 പോസ്റ്റിനെ സംബന്ധിച്ചിടത്തോളമേ നിയമനം നടത്താൻ വ്യവസ്ഥയുള്ളൂ. 80 പേരുടെ ലിസ്റ്റ് ഉണ്ട്. ഇപ്പോഴുള്ള വേക്കൻസിയെ സംബന്ധിച്ചിടത്തോളം 45 പോസ്റ്റേ നികത്തേണ്ടതുള്ളൂ എന്നുള്ളതാണ് നിലപാട്.

ശ്രീ. ഇ. കെ. നായനാർ : അതിൽ എത്ര പേരെ നിശ്ചയിച്ചു കഴിഞ്ഞു.

ശ്രീ. കെ. എം. മാണി : അതിൽ ഒരാളേയും നിശ്ചയിച്ചിട്ടില്ല. ഹൈക്കോടതിയിൽ സ്റ്റേകിടക്കുകയാണ്. ഞങ്ങളാരുമല്ല. ഒരുവിഭാഗം ജീവനക്കാർ, ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തരുത്, അത് അടിയന്തിരമായും ഒഴിവാക്കണം, പ്രമോഷൻകാർക്ക് സാദ്ധ്യത ഉണ്ടാകണം ഒരുകോട്ട സർവീസിലുള്ളവരെ പ്രമോട്ട് ചെയ്യണം എന്നുപറഞ്ഞുകൊണ്ട് ഹൈക്കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കേസ് ഫയൽ ചെയ്തതിന്റെ ഫലമായി സ്റ്റേ ചെയ്തു കിടക്കുകയാണ്. നാളെ സ്റ്റേ വെക്കേറ്റ് ചെയ്തു കഴിഞ്ഞാൽ, വലിയ അത്യാവശ്യമൊന്നുമില്ലെങ്കിലും ഈ പറഞ്ഞ 45 പേരെയും എടുക്കാൻ തയ്യാറാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കാത്തത് ഹൈക്കോടതിയുടെ സ്റ്റേ കിടക്കുന്നതുകൊണ്ടാണെന്ന് പറഞ്ഞു. എന്നാണ് സ്റ്റേ ചെയ്തത്, അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇല്ലാത്തതുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം നടക്കുന്നില്ല എന്നുള്ള കാര്യം പരിഗണിച്ച്, ഈ സ്റ്റേ വെക്കേറ്റ് ചെയ്യാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. എം. മാണി : സ്റ്റേ വെക്കേറ്റു ചെയ്യാൻ ഗവൺമെന്റ് പ്ലീഡേഴ്സിനെ വിജിലന്റ് ആക്കിയിട്ടുണ്ട്. എത്രയും വേഗം വെക്കേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇലക്ട്രിസിറ്റി ബോർഡ് വേക്കൻസി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ലൈൻമാൻമാരുടെ ലിസ്റ്റ് പി. എസ്. സി. തയ്യാറാക്കിയിട്ടുള്ളത്. പി. എസ്. സി. റാങ്ക് ലിസ്റ്റ് ഉണ്ടാക്കിയതിനുശേഷം ലൈൻമാൻമാരെ പ്രൊവിഷണലായിട്ട് അപ്പോയിന്റ് ചെയ്തപ്പോൾ അവർ അതിനെതിരായി ഹൈക്കോടതിയിൽ പോയി. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ലൈൻമാൻമാരുടെ വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടില്ലായെന്ന്. റിപ്പോർട്ട് ചെയ്യാതെ എങ്ങനെയാണ് പി. എസ്. സി. റാങ്ക് ലിസ്റ്റ് ഉണ്ടാക്കിയത്., പി. എസ്. സി. റാങ്ക് ലിസ്റ്റ് ഉണ്ടാക്കിയതിനു ശേഷം എങ്ങനെയാണ് ലൈൻമാൻമാരുടെ വേക്കൻസി ഇല്ലാതായിത്തീർന്നത്?

ശ്രീ. കെ. എം. മാണി : ഇലക്ട്രിസിറ്റി ബോർഡിൽ ഒരുപാട് വേക്കൻറ് പോസ്റ്റുകൾ ഉണ്ടായിരുന്നു. ജോലി ചെയ്യുന്നില്ല. വേക്കൻറായിട്ടുള്ള പോസ്റ്റുകൾ. അങ്ങനെയുള്ള പോസ്റ്റുകൾ മുഴുവൻ അബോളിഷ് ചെയ്തുകൊണ്ട് ബോർഡിനകത്ത് റീ-ഓർഗനൈസേഷൻ വരുത്തി. ആ റീ-ഓർഗനൈസേഷന്റെ ഫലമായി ലൈൻമാൻമാർ സർപ്ലസ് ആണ്. പഴയ കാലഘട്ടത്തിൽ പി.എസ്. സി. യോട് ലൈൻമാൻമാരെ റിക്രൂട്ട് ചെയ്യുന്നതിനു വേണ്ടി ലിസ്റ്റ് തരണമെന്നു പറഞ്ഞു. ആ ലിസ്റ്റ് പബ്ലിഷ് ചെയ്തിട്ടുണ്ട്. പക്ഷേ ഞങ്ങൾ ഇത്ര വേക്കൻസിയുണ്ട്, ആ വേക്കൻസിയിലേക്ക് നിയമിക്കാൻ അഡ്വൈസ് തരണമെന്ന് പറഞ്ഞ് അങ്ങോട്ട് റിപ്പോർട്ട് ചെയ്തെങ്കിൽ മാത്രമേ ബോഡിനെസംബന്ധിച്ചിടത്തോളം ആപ്പോയിന്റ്മെന്റ് ആവുകയുള്ളൂ. അങ്ങനെ റിപ്പോർട്ടു ചെയ്തിട്ടില്ല, വേക്കൻസി ഇല്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ഇലക്ട്രിസിറ്റി ബോർഡും അംഗീകൃത ട്രേഡ് യൂണിയനുകളും തമ്മിൽ-1978-ൽ ഉണ്ടാക്കിയ ദീർഘകാലകരാർ അനുസരിച്ച് (അതിനു ശേഷം കരാർ ഉണ്ടായിട്ടില്ല)ചില വർക്ക്സ് നോംസ് അംഗീകരിച്ചിരുന്നു. കണക്ഷൻ വർദ്ധിക്കുന്നതനുസരിച്ച്, ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ഡിവിഷനുകളും, സബ്ഡിവിഷനുകളും വർദ്ധിക്കുന്നതിനും, അതിനാവശ്യമായ സ്റ്റാഫിനെ പ്രൊവൈഡ് ചെയ്യുന്നതിനും വ്യക്തമായ വർക്ക്സ് നോംസ് ആ ദീർഘകാല കരാറിൽ അംഗീകരിച്ചിട്ടുള്ളതാണ്. ആറ്, ഏഴ് വർഷത്തിനിടയ്ക്ക് ലക്ഷകണക്കിന് കണക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചു, ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു അതിന്റെ അടിസ്ഥാനത്തിൽ, കരാറിൽ പറഞ്ഞിട്ടുള്ള വർക്ക്സ് നോംസ് അനുസരിച്ചുള്ള ആഫീസുകളും പോസ്റ്റുകളും ക്രീയേറ്റ് ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി : വർക്ക്സ് നോംസ് എല്ലാം പരിശോധിച്ചതിനു ശേഷവും 1,500 തസ്തിക ഇന്നും സർപ്ലസ് ആണ്. എങ്കിൽ പോലും ജീവനക്കാരോടുള്ള അനുഭാവം വച്ചുകൊണ്ട് പിരിച്ചുവിട്ടിട്ടില്ല. സൂപ്പർന്യൂമററി ആയി അവരെ നിറുത്തി ശമ്പളം കൊടുത്തുകൊണ്ടിരിക്കയാണ്. നോംസ് അനുസരിച്ച് എല്ലാം പരിശോധിച്ചതിനുശേഷമാണ് ചെയ്തത്.

ശ്രീ. കെ. പി. പ്രഭാകരൻ : കരാറിൽ പറയുന്നത് കണക്ഷൻ വർദ്ധിക്കുന്നതനുസരിച്ച് തസ്തിക സൃഷ്ടിക്കണമെന്നാണ്. കണക്ഷൻ വർദ്ധിച്ചിട്ടില്ലായെന്ന് പറയാൻ പറ്റുമോ?

ശ്രീ. കെ. എം. മാണി : കരാർ അനുസരിച്ചുള്ള നോംസ് അപ്ലൈ ചെയ്തതിനുശേഷവും 1,500 പേരുടെ പോസ്റ്റ് വെക്കേറ്റ് ചെയ്തിരിക്കുയാണ്.

ശ്രീ. എം. വി. രാഘവൻ : പി. എസ്. സി. യിൽ റിപ്പോർട്ട് ചെയ്യാതെ എങ്ങനെയാണ് ലൈൻമാൻമാരെ സെലക്റ്റ് ചെയ്തതെന്ന് ശ്രീ. ചന്ദ്രശേഖരൻ ചോദിച്ചപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു സെലക്ട് ചെയ്തതിനു ശേഷം ആവശ്യപ്പെട്ടിട്ടില്ല എന്ന്. നിയമസഭയിൽ മറുപടി പറയുമ്പോഴും ഞങ്ങൾക്ക് അറിയേണ്ട ഒരു പ്രശ്നമാണ്. ഗവൺമെന്റ് അല്ലെങ്കിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റ് ഇത്ര പോസ്റ്റിനു ആളെ വേണമെന്ന് ആവശ്യപ്പെടാതെ പി. എസ്. സി ക്ക് പി. എസ്. സി. യുടെ ഇഷ്ടപ്രകാരം ആളുകളെ സെലക്ട് ചെയ്ത് ലിസ്റ്റ് ഉണ്ടാക്കാൻ അധികാരം ഉണ്ടോ? അധികാരം ഇല്ലെങ്കിൽ മന്ത്രി പറയുന്നത് സത്യവിരുദ്ധമല്ലേ? എന്താണ് ഇതിന്റെ യഥാർത്ഥ സ്ഥിതി?

ശ്രീ. കെ. എം. മാണി : ഞാൻ പറയുന്നതൊക്കെ സത്യമാണ്. അതിനൊക്കെ ചില പ്രൊസാഡ്യുവർ ഉണ്ട്. ഗവൺമെന്റ് കാലാകാലങ്ങളിൽ പ്രോബബിളം വേക്കൻസി ഇത്ര വരുമെന്ന് കാലേകൂട്ടി പി. എസ്. സി. യെ അറിയിക്കും. ഇങ്ങനെ കാലേ കൂട്ടി അറിയിക്കുമ്പോഴും അവർ ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കും. റാങ്ക് ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞാൽ കാലാകാലങ്ങളിൽ വേക്കൻസി ഉണ്ടാകുന്നതനുസരിച്ച് ഞങ്ങൾക്ക് ഇത്രപേർക്ക് അഡ്വൈസ് ചെയ്യണമെന്ന് പറഞ്ഞ് അങ്ങോട്ട് റിപ്പോർട്ട് ചെയ്യും. അങ്ങോട്ട് റിപ്പോർട്ട് ചെയ്യുമ്പോഴും പി. എസ്. സി. യിൽ നിന്ന് പേര് അയച്ചുതരും, അപ്പോയിന്റ് ചെയ്യുന്നു. ഇതെങ്ങനെയാണെന്ന് വച്ചാൽ ലിസ്റ്റ് വന്നിട്ടുണ്ട്. വേക്കൻസി ഇല്ലാത്തതു കൊണ്ട് അങ്ങോട്ടു റിപ്പോർട്ട് ചെയ്തിട്ടില്ല. ആളെ ആവശ്യമില്ലാത്തതുകൊണ്ട് ആരെയും നിയമിക്കാൻ സാദ്ധ്യമല്ല. ആവശ്യമില്ലാതെ ഒരാളെ പോലും നിയമിച്ച് ഒരാൾക്കും പൈസാപോലും കൊടുക്കാൻ ഈ ഗവൺമെന്റ് അനുവദിക്കുകയില്ല.

ശ്രീ. എ. വി. താമരാക്ഷൻ : ഏഴാം പദ്ധതികാലത്ത് നമ്മുടെ സംസ്ഥാനത്തുള്ള ഒഴിവുകളൊന്നും നികത്തേണ്ടതില്ലെന്നും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലെന്നും ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവ് ഇലക്ട്രിസിറ്റിബോർഡിനും ബാധകമാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ആവശ്യമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല, ആവശ്യം വരുകയാണെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നു വരാം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ഒരു ശാപമായിത്തീരത്തക്കവിധത്തിലുള്ളതാണ് ഇലക്ട്രിസിറ്റിബോർഡിന്റെ ഘടന. വൈദ്യുതിനിർമ്മാണത്തിനുവേണ്ടി തൊഴിലാളികളെ തകർക്കാൻ വേണ്ടി റീ-ഓർഗനൈസേഷൻ വന്നതിന്റെ ഫലമായി ഈ തസ്തികകൾ ഇല്ലാതെ വന്നതല്ലേ? നമ്മുടെ വൈദ്യുതി, പൊതുജനങ്ങളിൽ നിന്ന് വാങ്ങിക്കുന്ന വരുമാനം കഴിഞ്ഞ എല്ലാകാലത്തേക്കാളും അധികമായിരിക്കെ ഈ തസ്തികകൾ ഇത്രമാത്രം ചുരുങ്ങാൻ കാരണം എന്താണ്?

ശ്രീ. കെ. എം. മാണി : ഇലക്ട്രിസിറ്റി ബോർഡ് ഈ രാജ്യത്തെ ജനങ്ങൾക്ക് ശാപമല്ല, ജനങ്ങൾക്ക് പ്രകാശം നൽകുന്നതാണ്. അതിൽ യാതൊരു സംശയവുമില്ല. എനിക്ക് അതിൽ അഭിമാനമുണ്ട്. ഇത് ആളുകളെ വച്ചു കൊണ്ട് ശമ്പളം കൊടുക്കാനുള്ള ഡിപ്പാർട്ടുമെന്റല്ല. ആവശ്യമുള്ളവരെ നിയമിക്കും, ജോലി ചെയ്യിപ്പിക്കും, ശമ്പളം കൊടുക്കും. യൂണിയൻകാരുടെ ഒരു ബർത്തായി ഇലക്ട്രിസിറ്റിബോർഡിനെ അധഃപതിപ്പിക്കാൻ ഗവൺമെന്റ് തയ്യാറല്ല.

ശ്രീ. ബേബിജോൺ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പ്രോബബിൾ വേക്കൻസി റിപ്പോർട്ട് ചെയ്തിട്ട് അതിന്റെ അടിസ്ഥാനത്തിൽ പി. എസ്. സി. സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നു എന്നാണ്. പ്രോബബിൾ വേക്കൻസി അതാത് ഡിപ്പാർട്ടുമെന്റും ഗവൺമെന്റും അസസ് ചെയ്തു കൊണ്ടല്ലേ അയയ്ക്കുന്നത്. അസസ് ചെയ്തു അയച്ചതിനുശേഷം ആരെയും വേണ്ട എന്ന സ്ഥിതിയാണെങ്കിൽ ആ അസസ്സ്മെന്റിൽ ഉത്തരവാദിത്വരാഹിത്യം ഉണ്ടായിരുന്നു എന്നെങ്കിലും സമ്മതിക്കാമോ?

ശ്രീ. കെ. എം. മാണി : ഉത്തരവാദിത്വരാഹിത്യമല്ല, ഈ രാജ്യത്തോട് ചെയ്ത ഏറ്റവും വലിയ സേവനമാണ്. കാലാകാലങ്ങളിൽ ഒരു ഗവൺമെന്റിനു ഉദാഹരണത്തിനു ഫൈനാൻസ് ഡിപ്പാർട്ടുമെന്റിനു വ്യയന്യൂനീകരണം നടത്താൻവേണ്ടി റീ-ഓർഗനൈസ് ചെയ്യാം, ആവശ്യമില്ലാത്ത തസ്തികകൾ ഒഴിവാക്കാം. 1980-ൽ അങ്ങനെ വിചാരിച്ചില്ല. 1980-ൽ പ്രോബബിൾ വേക്കൻസി ഇത്ര ഉണ്ടായിരിക്കുമെന്ന് കരുതി പി. എസ്. സി. യോട് പറഞ്ഞു. എന്നാൽ 1980-നു ശേഷം ഒരുപാട് വെള്ളം ഒഴുകിപ്പോയി, ഇതിനകത്തു റീ-ഓർഗനൈസേഷൻ വന്നു. ആവശ്യമില്ലാത്ത പോസ്റ്റുകൾ അബോളിഷ് ചെയ്തു; ഒരുനയത്തിന്റെ അടിസ്ഥാനത്തിൽ. ഇപ്പോൾ 1500 പോസ്റ്റ് സർപ്ലസ് ആണ്. ഇപ്പോൾ തൽക്കാലം ആളിനെ ആവശ്യമില്ല. അതുകൊണ്ട് പി. എസ്. സി. യോട് ലിസ്റ്റ് ചോദിക്കുന്നില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : നമ്മുടെ സംസ്ഥാനത്ത് എത്ര ഇലക്ട്രിക്കൽ എഞ്ചിനീയേഴ്സ് തൊഴിലില്ലാതെ നിൽക്കുന്നുണ്ട്; ഇലക്ട്രിക്കൽ എഞ്ചിനീയറന്മാർക്ക് കേരളത്തിലാകെ തൊഴിൽ സാദ്ധ്യതയുള്ള ഇലക്ട്രിസിറ്റി ബോർഡിൽ കണക്കാക്കിയിരുന്നതിന് വിരുദ്ധമായി, തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് ആളെ നിയമിക്കാത്തത് തൊഴിലില്ലാത്തവരോട് ചെയ്യുന്ന അനീതിയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : എത്ര എഞ്ചിനീയറന്മാർക്ക്, എത്ര ഡോക്ടറന്മാർക്ക് എത്ര technocrats-നു ജോലിയില്ല എന്നുള്ളതു ഇക്കൊണോമിക് റവ്യൂവിൽ ഉണ്ട്. കൃത്യമായ കണക്ക് അറിയില്ല. എന്തായാലും ജോലിയില്ലാത്ത technocrats-നു എല്ലാം ഇലക്ട്രിസിറ്റിബോർഡിൽ ജോലി കൊടുക്കുകയെന്നു പറഞ്ഞാൽ അസാദ്ധ്യമാണ്. ഉള്ള വേക്കൻസി വച്ച് നമുക്ക് ജോലി കൊടുക്കാം. ഒരു വിഷമവും അതിൽ വിചാരിക്കണ്ട. നമ്മുടെ എല്ലാം ആവശ്യം രാജ്യത്തിന്റെ താൽപ്പര്യമാണ്. അതനുസരിച്ച് ഉള്ള വേക്കൻസി വച്ച് ജോലി കൊടുക്കാം, അതല്ലാതെ പറ്റില്ല.

ശ്രീ. കെ. ജെ. ജോർജ് : ലൈൻമാൻമാരുടെ ലിസ്റ്റ് പി. എസ്. സി സെലക്ട് ചെയ്തത് എന്നാണ്. ഇലക്ട്രിസിറ്റിബോർഡിൽ ആരെയും നിയമിക്കുന്നില്ലെന്ന് മാത്രമല്ല ഇതിന് വിരുദ്ധമായി റിട്ടയർ ഹാൻഡ്സിനെ ജോലിയിൽ പ്രവേശിപ്പിക്കുന്ന പതിവ് ഇപ്പോഴും ഉണ്ടോ?

ശ്രീ. കെ. എം. മാണി : ഇതൊരു കാമ്പയിൻ കമ്മിറ്റ്മെന്റാണ്. റിട്ടയർ ഹാൻഡ്സിനെ നിയമിക്കുന്ന പതിവില്ല. അപൂർവ്വം ചില കേസുകളിൽ ഗവൺമെന്റ്ആയാലും ഡിപ്പാർട്ടുമെന്റായാലും ഇത് ചെയ്തു എന്നു വരാം. അതായത് ചിലപ്പോൾ ചില ഇൻഡിവിഡ്വൽസിന്റെ കാര്യത്തിൽ, എക്സ് പെർട്ട്സിന്റെ കാര്യത്തിൽ ചെയ്തു എന്നു വരാം.

പണിമുടക്കിയ വൈദ്യുതി ജീവനക്കാരിൽനിന്നും പിടിച്ചുവച്ചിട്ടുള്ള ശമ്പളം

* 265 [322] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, എം. ജിനദേവൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, സി. കെ. തങ്കപ്പൻ :
,, ഒ. രേതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ഫെബ്രുവരി 7-ാം തീയതി മുതൽ പണിമുടക്കിയ വൈദ്യുതി ജീവനക്കാരിൽനിന്നും ഫെബ്രുവരി ഒന്നുമുതൽ ഏഴുവരെയുള്ള ദിവസങ്ങളിലെ ശമ്പളം പിടിച്ചുവച്ചിട്ടുള്ളത് തിരിച്ചുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതു നിയമത്തിന് വിധേയമായിട്ടാണ് പണിമുടക്കാത്ത ദിവസങ്ങളിലെ ശമ്പളം പിടിച്ചുവച്ചത് ;

(സി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ ഏതെങ്കിലും കേസുകളും നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1985 ഫെബ്രുവരി ഏഴാം തീയതി മുതൽ വിദ്യുച്ഛക്തി ബോർഡിൽ പണിമുടക്കു നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly